DESPATCHED
On..22/11/21..

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.420(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.9758/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

ശ്രീ. ഫാജിഷ് വഹാബ് എ.,
കാമ്പ്രത്ചള്ള,
മുതലമട പി.ഒ.,
പാലക്കാട് – 678 507.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,
നെന്മാറ, പാലക്കാട് – 678 508.
2) അപ്പീൽ അധികാരി &
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, നെന്മാറ,
പാലക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01/07/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29/07/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 04/08/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 26/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/09/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/11/2021 വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. ഫാജിഷ് വഹാബ് എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, എതിർകക്ഷി മുമ്പാകെ 01.07.2021 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള ഒരു അറിയിപ്പാണ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ പി.ഐ.ഒ.ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ഗ്രാമ വികസന കമ്മീഷണറുടെ 2.3.2021 തീയതിയിലെ 94/എസ്റ്റാ.എ3/2021/സി.ആർ.ഡി. നമ്പർ ഉത്തരവിൽ പരാമർശം 2 ആയി പ്രതിപാദിച്ചിട്ടുള്ള നെന്മാറ ബി.ഡി.ഒ.യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

ii. ഒന്നാം ചോദ്യത്തിലെ അന്വേഷണ റിപ്പോർട്ടിൽ ശ്രീ. ഫാജിഷ് വഹാബ് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് അനുവദിച്ചു നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 29.07.2021 തീയതി എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരം ലഭിക്കുന്നതിനായി നിയുക്ത അന്വേഷണ അതോറിട്ടിയെ നേരിട്ട് സമീപിക്കേണ്ടതാണെന്നാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ഫാജിഷ് വഹാബ് എ., ആവശ്യപ്പെട്ട ഗ്രാമവികസന കമ്മീഷണറുടെ 2.3.2021–ലെ 94/എസ്റ്റാ.എ3/2021/സി.ആർ.ഡി. നമ്പർ ഉത്തരവിൽ പരാമർശം 2 ആയി കാണിച്ചിരിക്കുന്ന നെന്മാറ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടോ ആയതുമായി ബന്ധപ്പെട്ട് ശ്രീ. ഫാജിഷ് വഹാബ് എ നൽകിയ മറുപടിയോ എതിർകക്ഷി ഓഫീസിലെ ഔദ്യോഗിക രേഖകളിൽ ഉണ്ടായിരുന്നില്ലെന്നും ശ്രീ.ഫാജിഷ് വഹാബിനെ സംബന്ധിച്ചുള്ള അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്നുള്ള വിവരവും എതിർകക്ഷി ഓഫീസിൽ ലഭ്യമാവാത്ത സാഹചര്യത്തിലാണ് വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം അപേക്ഷ കൈമാറാൻ സാധിക്കാതെ വന്നതെന്നും ഈ വസ്തുതകൾ പരിഗണിച്ചാണ് ഹർജിക്കാരനോട് നിയുക്ത അന്വേഷണ അതോറിട്ടിയെ നേരിട്ട് സമീപിക്കേണ്ടതാണെന്ന് അറിയിച്ചതെന്നും തുടർന്ന് ശ്രീ. ഫാജിഷ് വഹാബ് എ., അപ്പീൽ അധികാരിയും ടി ഓഫീസിലെ ഡി.ഡി.ഒ.യും ആയ നെന്മാറ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചു എന്നും അപ്പോൾ മാത്രമാണ് അപ്പീൽ അധികാരി കൂടിയായ നെന്മാറ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, പാലക്കാട് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) ഉത്തരവിട്ട മുറക്ക് തികച്ചും കോൺഫിഡൻഷ്യൽ ആയി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞതെന്നും നിയുക്ത അന്വേഷണ അതോറിറ്റിയെ സമീപിച്ചാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുകയുള്ളു എന്നതുകൊണ്ടാണ് ടി അതോറിറ്റിയെ സമീപിക്കേണ്ടതാണെന്ന് മറുപടി നൽകിയതെന്നും അപേക്ഷകനെ തെറ്റിദ്ധരിപ്പിക്കുന്ന യാതൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ലെന്നുമാണ്.

4. [illegible] പരിശോധിച്ചതിൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം എതിർകക്ഷി കാര്യാലയത്തിലെ ഫയലിലോ. അറിവിലോ ഉണ്ടായിരുന്ന വിവരം ആയിരുന്നില്ല എന്ന് എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നൽകുക, വിവരം നൽകാൻ കഴിയാത്ത കേസുകളിൽ എടുക്കുന്ന തീരുമാനങ്ങൾ, കാര്യകാരണസഹിതം രേഖാമൂലം അറിയിക്കുക എന്നിവയാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി വിവരം മറച്ച് വച്ചത് കൊണ്ടാണ് ഹർജിക്കാരന് യഥാസമയം മറുപടി നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് കഴിയാതിരുന്നത് എന്ന് കാണുന്നു. ആയതിനാൽ മറുപടി നൽകുന്നതിന് ആവശ്യമായ രേഖ രണ്ടാം എതിർകക്ഷി മന:പ്പൂർവ്വം നൽകാതിരുന്നതിനാലാണോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേക സാഹചര്യത്തിലാണോ രണ്ടാം എതിർകക്ഷിയുടെ കൈവശമുണ്ടായിരുന്ന വിവരം പ്രാപ്യമാക്കി നൽകാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭിക്കുന്നതിനായി നിയുക്ത അന്വേഷണ അതോറിട്ടിയെ നേരിട്ട് സമീപിക്കാൻ 29.7.2021-ലെ കത്ത് പ്രകാരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നിർദ്ദേശം നൽകിയത് എന്ന കാര്യത്തിൽ എതിർകക്ഷികളുടെ വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷനിൽ ഹാജരാക്കണമെന്നും, രണ്ടാം എതിർകക്ഷി ഹർജിക്കാരനെ നേരിട്ട് ബന്ധപ്പെട്ട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. ഒന്നാം അപ്പീൽ നൽകിയ വിവരം കമ്മീഷനിൽ നിന്നും മറച്ചുവച്ചുകൊണ്ട് ഹർജിക്കാരൻ രണ്ടാം അപ്പീൽ കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്നത് ക്രമ പ്രകാരമല്ലെന്ന് ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION

us